## 15 -ാം കേരള നിയമസഭ

## 11 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5973** **09-07-2024 - ൽ മറുപടിയ്ക്ക്**

## കെ.എസ്.എഫ്.ഇ.യിലെ സർവ്വീസ് ടാക്സ് തിരികെ നൽകൽ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. പ്രേംകുമാർ | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | കെ.എസ്.എഫ്.ഇ.യുടെ വിവിധ ബ്രാഞ്ചുകളിലെ ചിട്ടി ഗുണഭോക്താക്കളായിരുന്ന വ്യക്തികൾക്ക് അവരുടെ ചിട്ടിയുമായി ബന്ധപ്പെട്ട സർവ്വീസ് ടാക്സ് തിരികെ നൽകുന്നുണ്ടോ; എങ്കിൽ അത് ഏതെല്ലാം വർഷങ്ങളിലെയാണ് നൽകുന്നതെന്ന് വ്യക്തമാക്കാമോ; | (എ) | ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ WA No.968/2014 dtd 14.03.2018 വിധി പ്രകാരം 01.07.2012 മുതൽ 13.05.2015 വരെയുള്ള കാലയളവിൽ ചിട്ടി പ്രൈസ് മണി കൈപ്പറ്റിയ ഇടപാടുകാരിൽ നിന്നും ഈടാക്കി കേന്ദ്ര സർക്കാരിലേക്ക് നൽകിയ സർവ്വീസ് ടാക്സ് തിരികെ ലഭിക്കുവാൻ 13.03.2019 വരെ സമർപ്പിച്ച അർഹരായ വ്യക്തിഗത അപേക്ഷകർക്ക് സർവീസ് ടാക്സ് റീഫണ്ട് കേന്ദ്ര സേവനനികുതി വകുപ്പിൽ നിന്നും നേരിട്ട് ലഭിച്ചിട്ടുണ്ട്. ടി തീയതിയ്ക്കകം റീഫണ്ട് അപേക്ഷ സമർപ്പിക്കുവാൻ കഴിയാതിരുന്ന അപേക്ഷകർക്ക് വേണ്ടി കെ.എസ്.എഫ്.ഇ നിശ്ചിത തീയതിയ്ക്കകം കൺസോളിഡേറ്റഡ് അപേക്ഷ സമർപ്പിക്കുകയും പ്രസ്തുത അപേക്ഷ കേന്ദ്ര സേവന നികുതി വകുപ്പ് നിരാകരിക്കുകയും ചെയ്തു. ഇതിനെതിരെ കെ.എസ്.എഫ്.ഇ ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയിൽ സമർപ്പിച്ച റിട്ട് പെറ്റിഷൻ 25445/2021 ൽ അനുകൂല വിധി ലഭിക്കുകയും വിധി പ്രകാരം വ്യക്തിഗത റീഫണ്ട് അപേക്ഷ സ്വീകരിച്ച് കേന്ദ്ര സേവന നികുതി വകുപ്പിലേയ്ക്ക് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. ബഹുമാനപ്പെട്ട ഹൈക്കോടതി ഉത്തരവ് പ്രകാരം 26.05.2024 തീയതിയ്ക്കകം പ്രത്യേക അപേക്ഷ സമർപ്പിക്കാത്തവർക്ക് റീഫണ്ടിന് അർഹത ഉണ്ടായിരിക്കുന്നതല്ല. |
| (ബി) | പ്രത്യേകമായി അപേക്ഷ നൽകിയവർക്ക് മാത്രമാണോ ഇതിന്റെ ഗുണം ലഭിക്കുന്നത്; അപേക്ഷ നൽകാത്തവർക്ക് കൂടി ഇതിന്റെ ഗുണം ലഭിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കാമോ? | (ബി) | ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ WA No.968/2014 dtd 14.03.2018 വിധി പ്രകാരം 01.07.2012 മുതൽ 13.05.2015 വരെയുള്ള കാലയളവിൽ ചിട്ടി പ്രൈസ് മണി കൈപ്പറ്റിയ ഇടപാടുകാരിൽ നിന്നും ഈടാക്കി കേന്ദ്ര സർക്കാരിലേക്ക് നൽകിയ സർവ്വീസ് ടാക്സ് തിരികെ ലഭിക്കുവാൻ 13.03.2019 വരെ സമർപ്പിച്ച അർഹരായ വ്യക്തിഗത അപേക്ഷകർക്ക് സർവീസ് ടാക്സ് റീഫണ്ട് കേന്ദ്ര സേവനനികുതി വകുപ്പിൽ |

| | | | |
|---|---|---|---|
| | | | നിന്നും നേരിട്ട് ലഭിച്ചിട്ടുണ്ട്. ടി തീയതിയ്ക്കകം റീഫണ്ട് അപേക്ഷ സമർപ്പിക്കുവാൻ കഴിയാതിരുന്ന അപേക്ഷകർക്ക് വേണ്ടി കെ.എസ്.എഫ്.ഇ നിശ്ചിത തീയതിയ്ക്കകം കൺസോളിഡേറ്റഡ് അപേക്ഷ സമർപ്പിക്കുകയും പ്രസ്തുത അപേക്ഷ കേന്ദ്ര സേവന നികുതി വകുപ്പ് നിരാകരിക്കുകയും ചെയ്തു. ഇതിനെതിരെ കെ.എസ്.എഫ്.ഇ ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയിൽ സമർപ്പിച്ച റിട്ട് പെറ്റിഷൻ 25445/2021 ൽ അനുകൂല വിധി ലഭിക്കുകയും വിധി പ്രകാരം വ്യക്തിഗത റീഫണ്ട് അപേക്ഷ സ്വീകരിച്ച് കേന്ദ്ര സേവന നികുതി വകുപ്പിലേയ്ക്ക് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. ബഹുമാനപ്പെട്ട ഹൈക്കോടതി ഉത്തരവ് പ്രകാരം 26.05.2024 തീയതിയ്ക്കകം പ്രത്യേക അപേക്ഷ സമർപ്പിക്കാത്തവർക്ക് റീഫണ്ടിന് അർഹത ഉണ്ടായിരിക്കുന്നതല്ല. |

സെക്ഷൻ ഓഫീസർ